ജില്ലാ അദാലത്ത് സമിതി യോഗം-

28/5/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം-` BPTVPMC0167000052

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. എം. അബ്ദുൾ റഹീം<br>കൊടിയിൽ ഹൌസ്<br>TC 63/2150, മതിപുരം ഹാർബർ റോഡ്<br>വിഴിഞ്ഞം |
| പരാതി വിഷയം | - | കെട്ടിടത്തിൻറെ ഉടമസ്ഥതാവകാശം മാറ്റി നൽകുന്നില്ലായെന്ന പരാതി -സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000052 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

തിരുവനന്തപുരം നഗരസഭയിൽ വിഴിഞ്ഞം സോണൽ ഓഫീസ് പരിധിയിലുള്ള TC 63/2150(1), TC 63/2150(2) നമ്പർ കെട്ടിടങ്ങൾ അപേക്ഷകനായ ശ്രീ. എം. അബ്ദുൾ റഹീം തൻറെ മക്കളായ ശ്രീ.അബ്ദുൾ റഹിമാൻ എ., ശ്രീ.അബ്ദുൾ ഷബീർ എ. എന്നിവർക്കായി പ്രമാണം ചെയ്ത് കൊടുത്തുവെന്നും മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി വിഴിഞ്ഞം സോണൽ ഓഫീസിൽ മതിയായ റെവന്യൂ രേഖകൾ സഹിതം അപേക്ഷ കൊടുത്തിട്ടും ആയത് മാറ്റികൊടുക്കുന്നില്ലായെന്നും പരാതിപ്പെട്ടിരിക്കുന്നു.രേഖകൾ പരിശോധിച്ചപ്പോൾ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ ക്രമവൽക്കരിക്കുന്നതിനായി അപേക്ഷയോടൊപ്പം പ്ലാനും അനുബന്ധരേഖകളും വിഴിഞ്ഞം സോണൽ ഓഫീസ് എൻജിനിയറിംഗ് വിഭാഗത്തിന് സമർപ്പിക്കുന്നതിനായി വിഴിഞ്ഞം സോണൽ ചാർജ് ഓഫീസർ കത്ത് നൽകിയിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞു. അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികളുമായി മുന്നോട്ട് പോകേണ്ടതാണ്. എന്നാൽ അക്കാരണം ചൂണ്ടിക്കാട്ടി ഉടമസ്ഥാവകാശം മാറ്റുന്ന സേവനം വൈകിപ്പിക്കാനോ നിഷേധിക്കാനോ പാടുള്ളതല്ല. ആയതിനാൽ ഉടമസ്ഥാവകാശം മാറ്റുന്നതിന് ശ്രീ. എം. അബ്ദുൾ റഹീം സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിച്ച് ആയത് നിയമാനുസൃതവും പര്യാപ്തവുമാണെന്ന് കണ്ടെത്തിയാൽ ഉടമസ്ഥാവകാശം മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോടും വിഴിഞ്ഞം സോണൽ ചാർജ് ഓഫീസറോടും നിർദ്ദേശിച്ച് തീരുമാനിച്ചു.

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം പിൻ-695043